ദിവസക്കൂലിക്കാരെ ഒഴിവാക്കി ലാസ്റ്റ് ഗ്രേഡ് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി

50 [3428] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വിനോദസഞ്ചാരം, ആരോഗ്യം, മൃഗസംരക്ഷണം, വ്യവസായം, റവന്യൂ എന്നീ വകുപ്പുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ജോലി ചെയ്തുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിക്കുന്നതിനുള്ള പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിന്റെ കാരണം വിശദീകരിക്കാമോ;

(സി) പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ ദിവസക്കൂലിക്കാരെ ഒഴിവാക്കി പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫറിനുള്ള മാനദണ്ഡം

51 [3430] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫറിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ഇന്റർ ജില്ലാ ട്രാൻസ്ഫറിനും ബാധകമാണോ;

(സി) ഹെഡ്കാർട്ടേഴ്സ് വേക്കൻസിയിൽ അന്യജില്ലകളിൽനിന്നും ജോലി കിട്ടി വരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അതാത് ജില്ലയിലെ മറ്റ് ഏതെങ്കിലും ഡിപ്പാർട്ടുമെന്റിലേക്ക് തിരിച്ചുപോകുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ;

(ഡി) ഹെഡ്കാർട്ടേഴ്സുകളിൽ ഹെഡ് കാർട്ടേഴ്സ് വേക്കൻസിയിലോ അല്ലാതെയോ ജോലി കിട്ടി അന്യ ജില്ലകളിൽനിന്നും വരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഇന്റർ ഡിപ്പാർട്ടുമെന്റ്/ഇന്റർ ജില്ലാ ട്രാൻസ്ഫറുകൾ നൽകാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്പോഴും നൽകുന്നുണ്ടോ;

(എഫ്) തുടർന്നും നൽകുമോ;

(ജി) സി. എ., ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ ജോലി കിട്ടിവരുന്ന ജീവനക്കാരുടെ ട്രാൻസ്ഫറിന്റെ കാര്യങ്ങളിലും ഇത് ബാധകമാണോ?

ഉത്തരം

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫർ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ റൂൾ 17(d)-യിലെ വ്യവസ്ഥ പ്രകാരമാണ്.

(ബി) ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ റൂൾ 17(d)-ക്ക് ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുള്ള 21-1-2002-ലെ ജി.ഒ.(പി) നമ്പർ 1/2002/പി.ആന്റ് എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകളാണ് അന്തർജില്ലാ ട്രാൻസ്ഫറിന് ബാധകമാക്കിയിട്ടുള്ളത്.

(സി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിക്കപ്പെടുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അവർ ഓപ്റ്റ് ചെയ്ത ജില്ലയിലെ ബന്ധപ്പെട്ട വകുപ്പിനുകീഴിലുള്ള ജില്ലാ/യൂണിറ്റ് ഓഫീസുകളിലേക്ക് വേക്കൻസിയുടെ ലഭ്യതയ്ക്കനുസൃതമായി തിരിച്ചു പോകുന്നതിന് തടസ്സമില്ല.

(ഡി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിക്കപ്പെടുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അവർ ഓപ്റ്റ് ചെയ്ത ജില്ലയിലേക്ക് തിരിച്ചുപോകുന്നതിന് അനുവദിക്കാറുണ്ട്. ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ അല്ലാതെ നിയമിക്കപ്പെടുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒരു ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റംവഴി പോകുന്നതിന് നിയമിക്കപ്പെട്ട ജില്ലയിൽ 5 വർഷം പൂർത്തിയാക്കിയിരിക്കണമെന്ന് 21-1-2002-ലെ ജി. ഒ. (പി) നമ്പർ 1/2002/പി. ആന്റ് എ. ആർ. ഡി. ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.

(ഇ & എഫ്) ഇപ്പോൾ നിലവിലുള്ള നിയമപ്രകാരം നൽകുന്നുണ്ട്.

(ജി) സി. എ., ടൈപ്പിസ്റ്റ് എന്നിവരുടെ സ്ഥലം മാറ്റത്തിന്, സ്ഥലം മാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പൊതു ഉത്തരവുകളാണ് ബാധകമാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly